**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 575** **13-01-2021 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ കായികവകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . കെ . ശശി** | | **Shri E. P. Jayarajan (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായികവകുപ്പ് ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം വികസനപ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി ജി.എച്ച്.എസ്.എസ്-ൽ അത്ലറ്റിക്സ് പരിശീലന പദ്ധതിയായ സ്പ്രിന്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 2019-20 ബഡ്ജറ്റിൽ അനങ്ങനടി പഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് 300 ലക്ഷം രൂപ അടങ്കലായും, 60 ലക്ഷം രൂപ 2019-20 വർഷത്തെ കായിക വകുപ്പിന്റെ ബഡ്ജറ്റ് ഹെഡ്ഡിലും വകയിരുത്തിയിട്ടുണ്ട്. കായികവകുപ്പിന്റെ കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിച്ച് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതുമാണ് |
| (ബി) | ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി ജി.എച്ച്.എസ്.എസ്-ൽ അത്ലറ്റിക്സ് പരിശീലന പദ്ധതിയായ സ്പ്രിന്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 2019-20 ബഡ്ജറ്റിൽ അനങ്ങനടി പഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് 300 ലക്ഷം രൂപ അടങ്കലായും, 60 ലക്ഷം രൂപ 2019-20 വർഷത്തെ കായിക വകുപ്പിന്റെ ബഡ്ജറ്റ് ഹെഡ്ഡിലും വകയിരുത്തിയിട്ടുണ്ട്. കായികവകുപ്പിന്റെ കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിച്ച് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതുമാണ് |

സെക്ഷൻ ഓഫീസർ